## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** — **02-02-2026 - ൽ മറുപടിയ്ക്ക്**

## കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പമ്പ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി സംബന്ധിച്ച് 05-12-2025 ൽ പുറത്തിറക്കിയ സർക്കുലർ സംബന്ധിച്ച് ജീവനക്കാരുടെ പരാതിയും ആയത് നടപ്പിലാക്കിയാൽ ഉണ്ടാകുന്ന പ്രതിസന്ധികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കുലർ പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | പമ്പ് ഹൗസുകളിലെയും ട്രീറ്റ്മെന്റ് പ്ലാന്റുകളിലെയും ഓപ്പറേറ്റിംഗ് ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ചുകൊണ്ട് വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ 05.12.2025-ൽ പുറപ്പെടുവിച്ച സർക്കുലർ No. KWA-JB/968/2025-E6 C VIG സംബന്ധിച്ച് വാട്ടർ അതോറിറ്റിയിലെ സംഘടനകൾ ഉന്നയിച്ച ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സർക്കുലർ ജലവിതരണത്തെ ബാധിക്കുമെന്നത് വസ്തുതാപരമല്ല.<br><br>നിലവിൽ പ്രാബല്യത്തിലുള്ള തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത സർക്കുലർ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചത്. സർക്കുലർ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം ചുവടെ ചേർക്കുന്നു.<br><br>**<u>നിയമപരമായ ബാധ്യത:</u>** 1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം ഒരു തൊഴിലാളിയെ പ്രതിവാരം 48 മണിക്കൂറിലധികം ജോലി ചെയ്യിപ്പിക്കുന്നത് അനുവദനീയമല്ല. അതോറിറ്റിയുടെ ചില കേന്ദ്രങ്ങളിൽ ചില ഓപ്പറേറ്റർമാർ 16 മുതൽ 24 മണിക്കൂർ വരെ തുടർച്ചയായി ഡബിൾ/ട്രിപ്പിൾ ഡ്യൂട്ടി ചെയ്യുന്ന രീതി നിലവിലുണ്ട്. ഇത് കാരണം അതേ കേന്ദ്രങ്ങളിലെ വനിതകൾ ഉൾപ്പെടെയുള്ള മറ്റ് ഓപ്പറേറ്റർമാരും ഇത്തരത്തിൽ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നു. ഇത് സംബന്ധിച്ച് പരാതി നിലവിലുണ്ട്.<br><br>**<u>ജീവനക്കാരുടെ സുരക്ഷ:</u>** ഹൈ-ടെൻഷൻ വൈദ്യുതിയും വൻകിട യന്ത്രസാമഗ്രികളും കൈകാര്യം ചെയ്യുന്ന ഓപ്പറേറ്റർമാർക്ക് അമിത ജോലിഭാരം മൂലം സംഭവിക്കുന്ന ശാരീരിക-മാനസിക തളർച്ച (Fatigue) ഗുരുതരമായ അപകടങ്ങൾക്കും ജലവിതരണ സംവിധാനങ്ങളുടെ തകരാറിനും കാരണമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>വനിതാ സംരക്ഷണം:</u>** നിലവിൽ വാട്ടർ അതോറിറ്റിയിൽ നിരവധി വനിതാ ഓപ്പറേറ്റർമാർ പ്രവൃത്തിയെടുക്കുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ മറ്റുള്ള ഓപ്പറേറ്റർമാർ 16/24 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്നത് കാരണം വനിതാ ജീവനക്കാരും ഇത്തരത്തിൽ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നു. ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. വനിതാ ജീവനക്കാരെ രാത്രികാലങ്ങൾ ഉൾപ്പെടെയുള്ള ഡബിൾ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് തടയാനും അവർക്ക് സുരക്ഷിതമായ ജോലി സാഹചര്യം ഉറപ്പാക്കാനും ഈ ഉത്തരവ് അനിവാര്യമാണ്.<br><br>ശുദ്ധജല വിതരണം തടസ്സപ്പെടാതിരിക്കാൻ ശാസ്ത്രീയമായ ഡ്യൂട്ടി സംവിധാനം തയ്യാറാക്കാൻ ജല അതോറിറ്റിയിലെ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മൊത്തം ജോലി സമയം 8 മണിക്കൂർ എന്ന പരിധിയിൽ നിലനിർത്തേണ്ടത് നിയമപരമായ ആവശ്യമാണ്.<br><br>സംഘടനകൾ ഉന്നയിച്ച പരാതികൾ അതോറിറ്റി ഗൗരവമായി പരിഗണിക്കുന്നുണ്ട്. ഇത്തരം വിഷയങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുന്നതാണ്. എന്നാൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾ പാലിക്കാൻ അതോറിറ്റി ബാധ്യസ്ഥമായതിനാൽ സർക്കുലർ പൂർണ്ണമായി പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല. ഓപ്പറേറ്റർമാരുടെ കുറവുള്ള സ്ഥലങ്ങളിൽ ക്രമീകരണങ്ങൾ വഴി പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ